**Kalary.com**
[companionship of Kalari Kurup/Panicker Community residing across the world]
Plot no. 235/2, Sector No. 4-A,
Gandhinagar - Gujarat 382006
Phone no. 09601484166
E-mail_ kalarickalk@gmail.com
http://www.kalary.com

# കളരി ന്യൂസ്

വാർത്താ മാസിക

**Newsletter** ആഗസ്റ്റ് 2013

## മുഖപ്രസംഗം

കാലം ഏറെ മുന്നോട്ടു പോയിരിക്കുന്നു. പരിഷ്കൃതരായ ഒരു തലമുറ ഇന്ന് സാമൂഹികമായി പുതുപുത്തൻ ചിന്തകളുമായി മുൻ നിരയിലേക്ക് കടന്നു വന്നിരിക്കുന്നു. പഴഞ്ചനുകൾ പഴയതാണെന്ന ചിന്തയിൽ ജാതീയ വിശ്വാസങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും മാതാപിതാക്കൾക്കുവേണ്ടി അനുഗമിക്കുന്നതുമായ ഒരു രീതിയാണ് ഇന്ന് യുവതലമുറയിൽ കാണുന്നത്.

ഈ യുവ തലമുറ വിദ്യാഭ്യാസ മേഖലയിൽ നിന്നും ഉയർന്ന് ഔദ്യോഗിക മേഖലയിലേക്ക് കടക്കുമ്പോഴാണ് അഥവാ സ്വതന്ത്രമായി സാമൂഹീക ജീവിതത്തിലേക്ക് കടക്കുമ്പോഴാണ് അവർക്ക് ജാതിയും ജാതിയാചാരങ്ങളും ജാതീയ തീണ്ടലും ഉയർച്ചയും താഴ്ച്ചയും ജനങ്ങൾക്കിടയിൽ പരോക്ഷമായി ഇന്നും നിലനിൽക്കുന്നുണ്ടെന്ന് അനുഭവപ്പെടുന്നത്.

ഒരു കാലത്ത് നായരുടെ അരുകിൽ നിന്നും ഒരു നിശ്ചിത തീണ്ടപ്പാടകലം തെറ്റിച്ചാൽ നായർ ഈഴവന്റെ ശിരസ് ഛേദിക്കുമായിരുന്നു. ആ അവസ്ഥയിൽ നിന്നും സാമൂഹികമായി പ്രമുഖ നായരുടെ സദസ്സുകളിൽ അവർക്കൊപ്പം ഇരിക്കാനും ഭക്ഷണം കഴിക്കാനും സാമൂഹികമായി ഇന്ന് ഈഴവർക്ക് കഴിയും. അതിനു കാരണം അവരുടെ കൂട്ടായ്മയും സംഘടിത ബലവുമാണെന്ന് പറയുന്നതിൽ അല്പം പോലും അതിശയോക്തിയുണ്ടാവില്ല.

കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർക്കോടു ജില്ല മുതൽ തെക്ക് കന്യാകുമാരിവരെയുള്ള സമസ്ത പ്രദേശങ്ങളിലേയും ഈഴവർ ഒരു സംഘടനക്കു കീഴിൽ നിരന്നിന്നു വെന്നതാണ് ഈ സമുദായത്തിന് സാമൂഹികമായും രാഷ്ട്രീയമായും ഇത്രയും ഉന്നതങ്ങളിൽ എത്തുവാൻ കഴിഞ്ഞത്. ഇന്നും ഉത്തര കേരളത്തിലെ തിയ്യർ വിഭാഗക്കാർ ദക്ഷിണ കേരളത്തിലെ ഈഴവരുമായി അഥവാ പഴയ കൊച്ചി രാജ്യത്തെ ചോമാരുമായി വൈവാഹിക ബന്ധത്തിൽ ഏർപ്പെടുവാൻ താല്പര്യം കാണിക്കാത്തവരാണ്. എന്നിരുന്നാലും സംഘടനയുടെ ബാനറിൽ അവർ ഒന്നിച്ചു നിന്നു പ്രവർത്തിക്കുന്നു.

ബ്രാഹ്മണാധിപത്യത്തിൽ ബ്രാഹ്മണരുടെ ഭൃത്യന്മാരായി നിയുക്തരായ ശൂദ്രർ വിഭാഗക്കാരെ ആദ്യകാലങ്ങളിൽ മലയാള ശൂദ്രർ എന്നാണ് വിളിച്ചിരുന്നത്. 12-ാം നൂറ്റാണ്ടോടെ അസ്തമിച്ച രണ്ടാം ചേര രാജ്യം വിവിധ ചെറു നാടുകളായി വിഭജിക്കപ്പെട്ടു. അതോടെ ശൂദ്രവിഭാഗത്തിന് അന്നുവരെ ഉണ്ടായിരുന്ന രാഷ്ട്രീയ സ്വാധീനത്തിൽ നിന്നും പല ചെറുനാടുകളുടെ ഭരണാധികാരികളും മാടമ്പിമാരും പ്രഭുക്കന്മാരുമായി നായന്മാരിൽ പലരും ഉയർന്നു. തുടർന്ന് 15-ാം നൂറ്റാണ്ടോടെ ജന്മി നാടുവാഴിത്ത വ്യവസ്ഥിതിയിൽ ശുദ്രവിഭാഗത്തിന് ആധിപത്യം ഏറി. ബ്രാഹ്മണർ അപ്പോഴും സാമൂഹിക തലങ്ങളിൽ ജാതീയ ആധിപത്യം നിലനിർത്തി.

17-ാം നൂറ്റാണ്ടോടെ വിദേശിയരുടെ ഇടപെടലുകളും നാടുവാഴികളുടെ സ്വയംഭരണാധികാരങ്ങളും ബ്രാഹ്മണാധിപത്യത്തിന് സാമൂഹികമായി ഉടച്ചിൽ സംഭവിച്ചു. സാമൂഹിക-രാഷ്ട്രീയ, സാമ്പത്തീക രംഗങ്ങളിൽ നായന്മാരും സാമന്തരും ബ്രാഹ്മണരെ പിന്നിലാക്കി. മലയാള ശൂദ്രർ ജാതീയമായി നായർ എന്ന ജാതിനാമത്തിലേക്ക് ചേക്കേറുവാൻ ഈ കാലഘട്ടത്തിലാണ് ആരംഭം കുറുച്ചത്. നായരുടെ സാമൂഹിക ഉയർച്ചയിലും ജാതിയ ഉന്നതിയിലും ബ്രാഹ്മണ സമൂഹത്തിന് അസഹിഷ്ണുത അനുഭവപ്പെട്ടിരുന്നു. എന്നാൽ ശൂദ്രരുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ജാതിയ ഉയർച്ചയിലും സ്വാധീനത്തിലും ബ്രാഹ്മണർക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ഈ അവസ്ഥയിലും ബ്രാഹ്മണാധിപത്യത്തിൽ ഹിന്ദു മതത്തിൽ നിന്നും പുറത്താക്കപ്പെട്ട ജാതിയമായി പിന്തള്ളപ്പെട്ട ജാതി സമുദായങ്ങൾക്ക് സാമൂഹികമായി ഉയർച്ച ഉണ്ടായില്ല.

20-ാം നൂറ്റാണ്ടോടെ കേരളമൊട്ടുക്ക് ഉയർന്നുവന്ന നവോഥാനത്തിന്റെ അലയടികൾ പിന്നാക്ക വിഭാഗങ്ങളിലും പ്രതിഫലിച്ചു. ജാതിയമായി സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിൽ വസിച്ചിരുന്ന പുലർ വിഭാഗക്കാർ സംഘടിക്കുവാനും ശബ്ദമുയർത്തുവാനും തുടങ്ങി. നവോഥാനത്തിന്റെ അലയടിക്ക് നാന്നി കുറിക്കുന്നതിൽ ശുദ്രർ വിഭാഗവും മുന്നിലുണ്ടായിരുന്നു.

20-ാം നൂറ്റാണ്ടിന്റെ ആരംഭ ദിശയിൽ മലയാള ശുദ്രർ നായർ എന്ന പേരിൽ സംഘടിക്കുകയും സാമൂഹികമായി ശബ്ദമുയർത്തുകയും ജാതീയ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. ഈഴവർ, പുലയർ എന്നി വിഭാഗങ്ങൾ അയിത്തം, അനാചാരങ്ങൾ എന്നിവക്ക് എതിരായി അവരവരുടേതായ നവോഥാന പ്രസ്ഥാനങ്ങളും പ്രതികരണങ്ങളും പ്രതിഷേധങ്ങളും ഉയർത്തി. 20-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നായർ, ഈഴവർ, പുലയർ എന്നി വിഭാഗങ്ങൾ സാമൂഹികമായി ഉയരുകയും സംഘടിതരായി അറിയപ്പെടുകയും ചെയ്തു. തദവസരത്തിലും പിന്നോക്ക വിഭാഗങ്ങളിലെ അല്പ സംഖ്യരായ ജനവിഭാഗങ്ങൾ ഈ സംഭവങ്ങൾക്കെല്ലാം മൂകസാക്ഷിയായി നോക്കി നിൽക്കുകയായിരുന്നുവെന്നു വേണം കരുതുവാൻ.

20-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളും അവരവരുടെ സമുദായത്തിന്റെ ഉയർച്ചക്കായി സംഘടനകൾ രൂപികരിച്ചു. കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിനും ഒരു സംഘടന ഉണ്ടായി.

സംഘടിതാവസ്ഥയാണ് ഇന്നുവരെ ഭൗതീകമായും രാഷ്ട്രീയമായും ഭരണപരമായും സാമൂഹികമായും സാമ്പത്തീകമായും ഏതൊരു ജനവിഭാഗത്തേയും ഉയർത്തിയതെന്ന ബോധം സംഘടനാ നേതാക്കളിൽ ഇനിയും ഉണരേണ്ടിയിരിക്കുന്നു. അതിനായി സാധാരണ സമുദായ അംഗങ്ങൾ ശുഭാപ്തി വിശ്വാസം കൈവിടേണ്ടതില്ല.

Kalary.com

## സമുദായത്തിൻെറ വ്യാപ്തി

*"ചേരമാൻ പെരുമാക്കന്മാരുടെ വാഴ്ചക്കു ശേഷം കോഴിക്കോട് സാമൂതിരിയും കൊച്ചി പെരുമ്പടപ്പു സ്വരൂപവും തിരുവിതാംകൂർ പളണ്ടിപ്പരമ്പരയുമായി കേരളം വിഭജിച്ച് ഭരിക്കുവാൻ തുടങ്ങി.*

*മദ്ധ്യകേരളത്തിലാണ് കളരികളും തദധിപതികളേയും സ്ഥാപിച്ചിരുന്നതും പാർപ്പിച്ചിരുന്നതും. തന്മൂലം കേരളം പകുത്തപ്പോഠ ഏതാനും കളരികളും കളരി നായകന്മാരും കോഴിക്കോട്ടും മറ്റുള്ളവർ കൊച്ചിയിലുമായി തീർന്നു.സാമൂതിരിയെ ആശ്രയിച്ച് കോഴിക്കോട്ടു നിന്നും തെക്കുഭാഗത്തുള്ളവരും കൊച്ചി രാജാവിനെ ആശ്രയിച്ച് കൊടുങ്ങല്ലൂരിൽ നിന്നും വടക്കുള്ളവരും കഴിഞ്ഞുകൂടി. ഈ രണ്ട് രാജാക്കന്മാരിൽ നിന്നും ഈ സമുദായത്തിൻെറ ആയുധാഭ്യാസത്തേയും രാജ്യരക്ഷയേയും മാനിച്ച് പല കളരികഠക്കും കരമൊഴിവായി രാജഭോഗം കൊടുത്തിരുന്നുവെന്ന് ചെപ്പേടുകളിൽ തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇന്നും അതിൻെറ ഏതാനും അംഗങ്ങഠ ചില കളരിക്കാർ രക്ഷിച്ചും അനുഭവിച്ചും വരുന്നുണ്ട്."*

കളരിക്കുറുപ്പ്(കളരിപ്പണിക്കർ) സംഘം 1957-ൽ പുറത്തിറക്കിയ ഒരു പ്രസിദ്ധീകരണത്തിൽ കളരിക്കുറുപ്പ്(കളരിപ്പണിക്കർ) സമുദായം ഏതെല്ലാം പ്രദേശങ്ങളിൽ വ്യാപിച്ചിരുന്നുവെന്ന് മുകളിൽ ചേർത്ത ഉദ്ധരണിയിൽ നിന്നും വ്യക്തമാക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് കോഴിക്കോടിനു തെക്കും കൊടുങ്ങല്ലൂരിനു വടക്കും മാത്രം ഈ വിഭാഗത്തെ താമസിപ്പിച്ചതെന്ന് പ്രസ്തുത പ്രസിദ്ധീകരണത്തിൽ വ്യക്തമല്ല.

കൊച്ചി രാജ്യത്തിൻെറ ദക്ഷിണ ഭാഗത്തെ അതിർത്തി കൊടുങ്ങല്ലൂരായിരുന്നില്ല. അതേപോലെ തന്നെ കോഴിക്കോടു സാമൂതിരയുടെ രാജ്യാതിർത്തി കോഴിക്കോടിനു തെക്കു വശത്തുമായിരുന്നില്ല. ആയതിനാൽ എന്തുകൊണ്ടാണ് കളരികഠക്കധിപന്മാരായ കളരി കുറുപ്പ്(പണിക്കർ) എന്ന വിഭാഗത്തെ കൊടുങ്ങല്ലൂരിനു വടക്കുവശത്തും കോഴിക്കോടിനു തെക്കുവശത്തും മാത്രം അധിവസിപ്പിച്ചത്?

മധ്യകേരളത്തിലെ ചൂർണ്ണിപ്പുഴക്കു വടക്കും കോഴക്കോടിനു (കടലുണ്ടിപ്പുഴക്ക്) തെക്കുമുള്ള പ്രദേശങ്ങളിൽ മാത്രമേ കളരികളുള്ള കളരിക്കുറുപ്പ് -കളരിപ്പണിക്കർ വിഭാഗക്കാർ പണ്ടുകാലത്ത് കളരികഠ കെട്ടി അദ്ധ്യാപനം നടത്തി കളരിയോടു ചേർന്നുള്ള വാസസ്ഥലത്ത് വസിച്ചിരുന്നൊള്ളു. എന്തുകൊണ്ടാണ് ഈ പ്രദേശങ്ങളിൽ മാത്രമായി കളരികളുമായി ബന്ധപ്പെട്ട് ഒരു ജനവിഭാഗം മധ്യകാലത്തോടെ രൂപപ്പെട്ടത്?

ആയോധ കലയും ആയോധന പരിശീലനവും കളരി അദ്ധ്യാപനവുമായി ബന്ധപ്പെട്ടവർക്ക് അന്നുകാലങ്ങളിൽ ലഭിച്ച പദവി അഥവാ സ്ഥാനപ്പേരായിരുന്നു കുറുപ്പ് , പണിക്കർ എന്നത്. നായർ, ഈഴവർ എന്നി വിഭാഗങ്ങളിലും തിരുവിതാംകൂറിലെ കൃസ്ത്യാനികളിലും കുറുപ്പ് - പണിക്കർ സ്ഥാനികഠ ഉണ്ടായിരുന്നു. കളരിയുമായി ബന്ധപ്പെട്ട് അദ്ധ്യാപനം നടത്തിയിരുന്ന ഏതു ജനവിഭാഗമാണ് തങ്ങളുടെ കുറുപ്പ് - പണിക്കർ എന്നി സ്ഥാനപ്പേരുകഠ പിൽക്കാലങ്ങളിൽ ജാതിപ്പേരായി സ്വീകരിച്ചത്?

ഇതുവരെ എഴുതപ്പെട്ട ഒരു പുസ്തകത്തിലും കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന അദ്ധ്യാപക വിഭാഗം ഒരു സ്വതന്ത്ര സമുദായമായി രേഖപ്പെടുത്തി കാണുന്നില്ല.

ഈ സമുദായത്തിൻെറ അനന്യത ഇന്നും ഇരുട്ടിൽ തപ്പുകയാണ്. കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ജനവിഭാഗത്തിൻെറ ജാതിയ അനന്യത മനസ്സിലാക്കേണ്ടതും പുത്തൻ തലമുറക്ക് ഈ സമുദായത്തിൻെറ സാംസ്കാരിക ചരിത്ര അവബോധം പകർന്നുകൊടുക്കേണ്ടതും ഈ തലമുറയിലെ കാർന്നവന്മാരുടെ കർത്തവ്യമാണ്. ആയതിനാൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിലെ പ്രമുഖർ ഈ വിഷയത്തിൽ ആവശ്യമായതു ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

## Social Justice and Freedom Struggle in Kerala (1891-1928)

The struggle for social justice was an integral part of the freedom struggle in Kereala.It endeavoured to secure for the suppressed segments, their rifhtful place in society. A new awakening was created which helped bring the depressed classes into the nation's mainstream and motivated them to actively participate in the movement for independence. These agitations and portests included:

**Malayaleee Memorial (Memorandum)**

1891 drafted by K.P. Sankara Menon, J.P. Pillai and others demanding equal job opportunities for the natives;

**Ezhava memorial (Memorandum)**

1986 initiated by Dr. Palpu demanding equal riths for Ezhavas.

**Kallumala (Stone chair)**

Agitation (1800-1917) under the leadership of Ayyankali and Changanachery Parameswaran Pillai paved way for the scheduled castes to wear metal ornaments;

**Melmundu Agitation**

1800-1900 which earned the backward community women the right to cover the upper part of their body.

**Community Feasst (Misra Bhojanam)**

1917 led by C.P. Ramaswamy Iyer at Calicut and Sahodaran Ayyappoan at Ernakulam in which people from all castes and communtieis participated; and

**Pulaya Agitation**

1915-1928 which included Pullattu and Munnuramvayal revolts, demanding rights to education and free access to all road for the scheduled castes.

## സേവന അവകാശ നിയമം

കേരള സംസ്ഥാന സർക്കാർ സേവന അവകാശ നിയമം 2012-ൽ കൊണ്ടുവന്നു. കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നിലവിൽ വന്നത് ഗവഃ ഓർഡർ നം. 55/2012/പി എആർഡി എന്ന ഉത്തരവു പ്രകാരം 2012 നവംബർ 1-ാം തിയതി കേരള പിറവി ദിനത്തിലാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങഠക്ക് സേവനങ്ങഠ പ്രദാനം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികമായ കാര്യങ്ങഠക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ഒരു നിയമമാണിത്.

കേന്ദ്ര സർക്കാർ അവതരിപ്പിച്ച പൊതുജന അവകാശ പരാതി പരിഹാര ബില്ലിൻെറ തുടർച്ചയാണ് സേവനാവകാശ നിയമം എന്നു പറയുന്നതിൽ തെറ്റില്ല. ഭാരതത്തിൽ 11 സംസ്ഥാനങ്ങഠ സേവന അവകാശവുമായി ബന്ധപ്പെട്ട് നിയമങ്ങഠ കൊണ്ടുവന്നിട്ടുണ്ട്.

കൈക്കൂലി ആവശ്യപ്പെട്ടുകൊണ്ട് സേവനം വൈകിക്കാനുള്ള പ്രവണത ഇല്ലാതാക്കുക. ഭരണ സുതാര്യത ഉറപ്പു വരുത്തുക. സർക്കാർ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വബോധവും കാര്യക്ഷമതയും ഉണ്ടാക്കിയെടുക്കുക. സർക്കാർ സേവനം ലഭിക്കുക എന്ന പൊതു ജനങ്ങളുടെ മൗലീക അവകാശം പ്രാവർത്തീകമാക്കുക എന്നതാണ് ഈ നിയമം കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

Kalary.com

കവിത 1

# മഴക്കോലം

മധു കണ്ണഞ്ചിറ

മഴ വന്നു
മഴക്കാറ്റ് വന്നു
മഴയൊഴുകിയൊഴുകി വന്നു
ആറ്റിലും പുഴയിലും കടലിലും !

വരണ്ട മൺകൂനകളിൽ
മഴനാമ്പുകൾ പൊട്ടി മുളച്ചു
കിണറിന്റെ ഗർഭ ഗർത്തത്തിൽ
തണുത്ത നീരോഴുക്കിൻ അലകൾ വന്നു!

മഴ വന്നു
മഴക്കാറ്റിൻ 'കുരുതി' ചിരിയുമായി
മഹാമാരിയും വന്നു!

ഉഷ്ണത്തിൽ വരണ്ട-
മണ്ണിന്റെ മാറിടത്തിൽ
നഗ്നയായ് മഴ നൃത്തമാടി
ജലകുംഭങ്ങൾ നിറഞ്ഞപോലെയാ-
മാറിൽ പിടിച്ചുലച്ച് മദമിളകി
മഴക്കോലങ്ങൾ ഉറഞ്ഞുതുള്ളി.

വലിച്ചെറിഞ്ഞ മാലിന്യ ജഢങ്ങൾ
ഒഴുകിയെന്റെ അകത്തളത്തിൽ പതിച്ചു!
പതഞ്ഞുപൊങ്ങിയ വ്യാധിതൻ പുഴുക്കൾ
കൊതിച്ചുകൊണ്ടെന്റെ ഞരമ്പിലാഞ്ഞുകുത്തി..
പകർന്നാടിയ രോഗപരാഗങ്ങൾ
പരന്നൊഴുകീ നാടു നീളെ!

പെരുമഴയൂറ്റം കൊണ്ടു!
ഒലിച്ചുപോയ മകന്റെ രോദനം
നിലച്ചുപോയല്ലൊ മഴക്കോലമെ?

വരണ്ട ഭൂമിയിൽ കാത്തിരുന്നു-
കനിഞ്ഞ മഴമേഘമേ...
ജലജഢകൾ അഴിച്ചു തിമിർത്താടി
പൊന്മകനെയെന്തിനു വിളിച്ചു?
വ്യാധി മൂത്ത് കൂരയിൽ തളർന്നുറങ്ങവെ
മകന്റെ കരളു പറിച്ചു നീ കൊണ്ടുപോയല്ലൊ!!

വീശിയ തണുത്ത കാറ്റിൻ ശക്തിയിൽ
ബാക്കി വന്ന മേൽക്കൂരയും പോയി!
തണുത്ത് വിറച്ച് ചാരിയിരുന്നൊരീ-
വടവൃക്ഷവും നീ കൊണ്ടുപോയല്ലോ!!!!

ഇടിമിന്നൽ ചീളുകൾ പായുന്ന
കറുത്ത മാനം മുകളിൽ ....
ഒലിച്ചുപോയ മണ്ണിൻ വിടവിൽ
കിളിർത്തു നിൽക്കും പുൽക്കൊടി പോൽ ഞാനും!

തെറ്റുകളേറ്റു പറഞ്ഞ് മാപ്പിരക്കാം..
വെട്ടിമാറ്റിയ മരങ്ങളെയോർത്ത് വിലപിക്കാം
ചിതലരിച്ച ചിന്തകൾ മാറ്റി ഞങ്ങൾ
വിശുദ്ധിയായ് നാട് കാത്തിടാം...

തിരിച്ചുപോവുക നീ മഴക്കോലമെ
വരികവീണ്ടുമടുത്തയാണ്ടിന്.....
ഉറഞ്ഞു തുള്ളാതെ, തിമിർത്താടാതെ
നനുത്ത സ്നേഹത്തിൻ നീരുപോലെ
തണുത്ത കൈയ്യാൽ പുണരുക!!!

അതുവരെ -
ഉഷ്ണത്തിൻ തീപന്തലിൽ-
മയങ്ങിയുറങ്ങട്ടെ ഞങ്ങൾ !

കവിത 2

# പാപ ജാലകം

കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു!
ഇരവും പകലുമിനിയെത്ര?
ചുറ്റിലും നരഭോജികൾ മാത്രം
അറ്റത്തൊരു പച്ചപ്പുപോലുമില്ല!
ഇനിയെത്ര ദൂരമീ യാത്ര?

പകുത്തുനൽകി സർവ്വസ്വവും
അകകാമ്പിലെ സ്വപ്നം പോലും!
ക്ഷമിച്ചു ഞാൻ ഭൂമിയോളം
നമിക്കുകയുമെത്ര ചെയ്തു!

നഗരത്തിലെ നരകമാണീ ഫ്ളാറ്റ്
ഉറങ്ങുവാനുമുണരുവാനും പേടി !
നിശാനൃത്തശാലകളിൽ പതിവുകാരൻ
വലിയ കച്ചവടക്കാരൻ!!
പാർട്ടികൾ, മീറ്റിംഗുകൾ-

പൂച്ചയെപ്പോലെ പിന്നാലെ ഞാനും!
മദ്യത്തിനലകളിൽ-
സുരതനൃത്തം ചെയ്യുന്നു കാമരൂപികൾ!
ഒളിച്ചുനില്ക്കുന്ന എന്നിൽ -
കിരാതനോട്ടവും , കാമ -
നഖങ്ങളുമായി വരുന്നവർ!

തിളച്ചുമറിയുന്ന നരകസംഗീത-
ജാലകൾക്കിടയിലാരോ പറഞ്ഞു
ഭാര്യമാരെ കൈമാറുവാൻ സമയമായി!
ഉരുംപേരുമാറിയാത്ത-

ഒരുവന്റെ വിയർപ്പിലിനി ഞാൻ ...!
ഏതൊ ഒരു പെണ്ണിന്റെ കൂടെയദ്ദേഹവും!
നഗരത്തിലെ വലിയവർ
ഇങ്ങനെയൊക്കെയാകണമെത്രെ!!

നീലച്ചോലകൾ
നീലനിലാവിലലിയുന്ന
ഗ്രാമവിശുദ്ധിയിൽ പിറന്നവൾ!
അരങ്ങിലും അണിയറയിലും
ആടിപാടാനറിയില്ല..
അറിയാം, കിനാവിന്റെ പാട്ട് മാത്രം!

പാപജാലകവാതിലുകൾ തുറന്നു..
അപശകുനം പോൽ അയാൾ വന്നു!
ഗ്രാമവിശുദ്ധിയുടെ പാട്ടിനു-
താളംപിടിക്കാനിതാ രാത്രിയിൽ-
നഗരത്തിലെ ജാരസന്തതികൾ !

*മധു കണ്ണൻചിറ*
ദുബായ്.
050-5593102



ശ്രീ മധു കണ്ണൻചിറക്ക്
കളരി ഡോട്ട് കോമിന്റെ

**അഭിനന്ദനങ്ങൾ**

Kalary.com

# നിർദ്ദനരായ ഒരു കുടുംബത്തിന് സഹായവുമായി

മലപ്പുറം ജില്ലയിലെ കാളികാവ് അഞ്ചച്ചവടി പൂച്ചപൊയിയിൽ വസിക്കുന്ന കളരിക്കൽ ജനാർദ്ദന പണിക്കരുടെ കുടുംബം വിവിധ രോഗങ്ങളിൽ പൊറുതി മുട്ടുന്നു. 71 വയസ്സു പ്രായമുള്ള ജനാർദ്ദന പണിക്കരും അദ്ദേഹത്തിൻെറ 79 വയസ്സുള്ള സഹോദരി വിശാലാക്ഷിയും 69 വയസ്സായ ഭാര്യ കാർത്യായനിയുമാണ് രോഗ പീഡയിൽ കഴിയുന്നത്.

കാൽ മുറിച്ചു മാറ്റിയ ജനാർദ്ദന പണിക്കർക്ക് പരസഹായമില്ലാതെ പുറത്തിറങ്ങുവാൻ പോലും കഴിയാത്ത അവസ്ഥയാണ്. കുനിന്മേൽ കുരു എന്നു പറഞ്ഞപോലെ ഇദ്ദേഹത്തിന് ഒരു കണ്ണിൻെറ കാഴ്ചയും നഷ്ടപ്പെട്ടു. സഹോദരി വിശാലാക്ഷി ജന്മനാ കാലിന് വൈകല്യമുള്ള വ്യക്തിയാണ്. വൈകല്യമുള്ള കാലിന് ഉണങ്ങാത്ത ഒരു മുറിവുമുണ്ട്. ജനാർദ്ദന പണിക്കരുടെ ഭാര്യ കാർത്യായനിയെക്കൂടി രോഗം പിടികൂടിയതിനെതുടർന്നാണ് ഈ കുടുംബം നിർദ്ദനാവസ്ഥയിലെത്തിയത്. കാർത്യായനിക്ക് ഹൃദ്രോഗം കൂടാതെ നട്ടെല്ലിന് ക്ഷതമേറ്റതോടെയാണ് ഈ കുടുംബത്തിന് ജീവിതം വഴിമുട്ടിയത്. ഇദ്ദേഹത്തിൻെറ മകൻ സ്ക്കൂൾ വിദ്യാർത്ഥിയാണ്. രോഗികളായ മൂവ്വരും വിവിധ ആസ്പത്രികളിലെ ചികിത്സയിലാണ് കഴിയുന്നത്. ഭക്ഷണത്തിനു പോലും വകയില്ലാത്ത ഈ കുടുംബത്തിന് പലപ്പോഴും ചികിത്സ തേടാൻ കഴിയാറില്ല. അടുത്തകാലത്തായി വിവിധ ജാതി-സമുദായങ്ങൾ സഹായ ഹസ്തങ്ങളുമായി മുന്നോട്ടു വന്നിട്ടുണ്ട്.









## സുമനസ്സുകളുടെ കാരുണ്യം; ജനാർദ്ദനപ്പണിക്കരും കുടുംബവും രോഗപീഡകൾ മറക്കുന്നു

**കാളികാവ്:** അഞ്ചച്ചവിടി പൂച്ചപ്പൊയിലിൽ കളരിക്കൽ ജനാർദ്ദനപ്പണിക്കരും കുടുംബവും രോഗം നൽകിയ വേദനകൾ മറന്നുതുടങ്ങി. സുമനസ്സുകളുടെ കൈത്താങ്ങാണ് രോഗങ്ങൾ തളർത്തിയ കുടുംബത്തിന് തുണയാകുന്നത്. ജനാർദ്ദനപ്പണിക്കർ, സഹോദരി വിശാലാക്ഷി, ഭാര്യ കാർത്യായനി എന്നിവർ രോഗങ്ങൾ കാരണം അവശരാണ്. കാളികാവ് പാലിയേറ്റിവ് ക്ലിനിക്കിൻെറ പരിചരണത്തിലായിരുന്ന കുടുംബം രോഗം മൂർച്ഛിച്ചതിനെ തുടർന്ന് ആസ്പത്രിയിൽ ചികിത്സ തേടി വന്നതോടെ എല്ലാം താളംതെറ്റി. വീടിന് മുന്നിലെ കുടുംബക്ഷേത്രത്തിൽ തിരിതെളിക്കുന്നത്പോലും തടസ്സപ്പെട്ടത് രോഗം നൽകുന്ന വേദനകളോടൊപ്പം മാനസികമായി ഇവരെ തളർത്തി.

മാതൃഭൂമി വാർത്തയെ തുടർന്നാണ് ഇവർക്ക് സഹായങ്ങൾ എത്തിയത്. യൂത്ത്ലീഗ് കാളികാവ് കമ്മിറ്റി ആറ് മാസത്തേക്കുള്ള ഭക്ഷണമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. തിരുവാലിയിലെ അനിൽപ്രകാശ്, അഞ്ചച്ചവിടി ഗവ. മാതൃകാ യു.പി. സ്കൂൾ കുട്ടികൾ, കണിയാർ പണിക്കസമാജം, പ്രവാസി കൂട്ടായ്മയായ യു.എ.ഇയിലെ സമന്വയ, കാളികാവ് ഫെയ്സ് ബുക്ക് കൂട്ടായ്മ, പൂക്കോട്ടുംപാടത്തെ പ്രഭാകര മേനോൻ തുടങ്ങിയവരും കുടുംബത്തിന് കൈത്താങ്ങായി എത്തി.

'സമന്വയ' പണത്തിന് പുറമെ ജനാർദ്ദനപ്പണിക്കരുടെ മകളുടെ കുട്ടി ബാലസുബ്രഹ്മണ്യന് ആവശ്യമായി വരുമ്പോൾ യു.എ.ഇയിൽ ജോലിയും വാഗ്ദാനം ചെയ്തിട്ടുണ്ട്. സമന്വയ പ്രതിനിധി അനിൽ ബാണാപുരത്ത്, കണിയാർപണിക്കർ സമുദായ ഭാരവാഹികളായ ടി.കെ. സതീശൻ, ടി.കെ. രാജേഷ് എന്നിവർ തുകയുടെ ആദ്യഗഡു വീട്ടിലെത്തി കൈമാറി. ഫെയ്സ്ബുക്ക് കൂട്ടായ്മ കുട്ടിയുടെ പഠനച്ചെലവ് വഹിക്കാൻ തയ്യാറായിട്ടുണ്ട്.

ഭാരവാഹികളായ ഇമ്പിച്ചിക്കോയതങ്ങൾ, ഫിർദൗസ്, സലാം, ഷബീർ എന്നിവർ വീട്ടിലെത്തി വസ്ത്രങ്ങൾ നൽകി. ഇതോടൊപ്പം കർക്കടകത്തിൽ കുടുംബക്ഷേത്രത്തിൽ ദീപം തെളിയിക്കാനായതിൻെറ ആശ്വാസത്തിലാണ് കുടുംബം.

## കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ സംഘടനകളും കൂട്ടായ്മകളും സഹായവുമായി

കാളികാവിലെ ജനാർദ്ദന പണിക്കരുടെ കുടുംബത്തിൻെറ നിർദ്ദനാവസ്ഥ സമൂഹത്തിനു മുന്നിൽ പത്രവാർത്തയിലൂടെ കൊണ്ടുവന്നതും ആദ്യം സഹായം നൽകിയതും പ്രാദേശിക യൂത്ത് ലീഗ് പ്രവർത്തകരാണ്. തുടർന്ന് മലപ്പുറം ജില്ലയിലെ കണിയാർ പണിക്കർ സമാജം പ്രവർത്തകൻ ടി.കെ. സതീഷ് പ്രസ്തുത വിവരം എഫ്.ബി.യിലൂടെ കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗങ്ങളെ അറിയിച്ചു. അറിയിപ്പു ലഭിച്ചതിനെ തുടർന്ന് യു.എ.യി.യിൽ വസിക്കുന്ന കളരിക്കുറുപ്പ് പണിക്കർ സമുദായ അംഗങ്ങളുടെ കൂട്ടായ്മയായ സമന്വയ പ്രസിഡൻറ് ദേവദാസ് 10,000 രൂപയുടെ സഹായം ജനാർദ്ദന പണിക്കരുടെ കുടുംബത്തിന് അതിവേഗത്തിൽ എത്തിക്കുവാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സംഘത്തിൻെറ പ്രസിഡൻറ് മണി കുറുപ്പിൻെറ അനുമതിയോടെ മലപ്പുറം ജില്ലാ ഘടകം പ്രസിഡൻറും സഹപ്രവർത്തകരും ജനാർദ്ദന പണിക്കരുടെ കുടുംബം സന്ദർശിക്കുകയും 5000 രൂപ താൽകാലിക സഹായമായി നൽകുകയും ചെയ്തു. അദ്ദേഹത്തിൻെറ മകനെ ജ്യോതിഷം പഠിപ്പിക്കുവാൻ വേണ്ടുന്ന ഏർപ്പാടുകളും സംഘടനാ പ്രവർത്തകർ ചെയ്തു കൊടുത്തു. സംസ്ഥാന തലത്തിൽ ഈ കുടുംബത്തിനെ സഹായിക്കാവുനായി ഒരു സഹായ ഫണ്ട് ശേഖരണം നടത്തുന്നുണ്ടെന്ന് മണി കുറുപ്പ് എഫ്.ബിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള ഗണക കണിശ സഭയുടെ സംസ്ഥാന നേതാക്കളും ജില്ലാ ഭാരവാഹികളും മുത്തൂർ ദേവിദാസിനോടൊപ്പം ജനാർദ്ദന പണിക്കരുടെ വീട് സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. കൂടാതെ നടക്കുവാൻ കഴിയാത്ത കുടുംബാംഗങ്ങൾക്ക് ആവശ്യമായ വെള്ളം വീടിനുള്ളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ മോട്ടർ ഫിറ്റ് ചെയ്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

സമുദായ സംഘടനകൾ ഈ കുടുംബത്തിന് വിവിധ വാദ്ഗാനങ്ങൾ നൽകിയിട്ടുണ്ട്. സംഘടനകളുടേയും നല്ലവരായ നാട്ടുകാരുടേയും സഹായ-സഹകരണത്തോടെ ഈ കുടുംബം ഈ അവസ്ഥിയിൽ നിന്നും ഉയർന്നുവരുമെന്നു പ്രതീക്ഷിക്കാം.

Kalary.com

## ദ്രാവിഡ കലാരൂപങ്ങൾ

തീണ്ടലും തീണ്ടപ്പാടകലവും തീണ്ടാത്ത, സമത്വാധിഷ്ഠിതമായ ഒരു കാലത്തെ അനാവരണം ചെയ്യുന്ന ദ്രാവിഡ കലാരൂപങ്ങളിൽ പ്രമുഖ സ്ഥാനത്ത് പടയണിയെ പരിഗണിക്കേണ്ടിയിരിക്കുന്നു. അറുപത്തിനാലു വ്യത്യസ്ത കലാരൂപങ്ങളുടെ സമ്മേളിതമാണ് ഈ കലാരൂപം എന്നത് പടയണിയുടെ വൈപുല്യം വ്യക്തമാക്കുന്നു.

ബ്രാഹ്മണാധിപത്യത്തിൻെറ ആരംഭകാലങ്ങളിൽത്തന്നെ പടയണി എന്ന ദ്രാവിഡ കലാരൂപം നിലനിന്നിരുന്നുവെന്നതിന് തെളിവുകൾ ലഭ്യമാണ്. ബൗദ്ധരെ തോൽപ്പിക്കുവാനായി ഭട്ടാചാര്യൻ, ബാണഭട്ടൻ എന്നിങ്ങനെയുള്ള മീമാംസകരായ പണ്ഡിത ശ്രേഷ്ഠർ പുറപ്പെട്ട കാര്യങ്ങൾ പടയണിയിൽ പ്രതിപാദിക്കുന്നുണ്ട്.

പടയണ ിയുടെ അടിവേരുകൾ തേടുമ്പോൾ ശൈവന്മാരായിരുന്ന ആദിമ കേരളീയരുടെ സാംസ്കാരികതയിലേക്കാണ് കടന്നു ചെല്ലുക. താഴ്ന്ന സമുദായക്കാരുടെ കുടിലുകളലും കാവുകളിലും അപൂർവ്വമായി നടത്തപ്പെടുന്ന "വെച്ചൊരുക്കം വെള്ളംകിടിയും " എന്ന ആചാരം പടയണി എന്ന പേരിലാണ് ഇന്നും അറിയപ്പെടുന്നത്.

പടയണിയുടെ ആവിർഭാവകാലത്തു നിലനിന്നിരുന്ന ഭഗവതി സ്തുതിപരങ്ങങ്ങളായ ഭഗവതിപ്പാട്ട്, തോറ്റംപ്പാട്ട് എന്നി പാട്ടുകൾ പടയണിയിൽ ഉപയൊഗിച്ചു വരുന്നുണ്ട്. പടയണി ആശാന്മാരും കരപ്രഭുക്കന്മാരും കോലമെഴുത്തുകാരായ ഗണകരും രചിച്ചിട്ടുള്ള പാട്ടുകൾ പടയണിയിൽ ഉപയോഗിച്ചിരുന്നു. പടയണി ഇതിവൃത്തം വായ്മൊഴിയായി തലമുറകളിലൂടെ കൈമാറിവന്ന സംസ്കൃതിയാണ്. പടയണി ദക്ഷിണ കേരളത്തിൻെറ തനതായ ഒരു ആദി കലാരൂപമാണെന്നു പറയുന്നതിൽ തെറ്റില്ല.

ദക്ഷിണ കേരളത്തിൽ നിലനിന്നിരുന്ന പടയണിയിൽ നാനാ ജാതിക്കാരുടെ പങ്കാളിത്തമുണ്ടായിരുന്നു. പടയണി നൃത്തത്തിനാവശ്യമായ സാധനങ്ങൾ എത്തിക്കുകയെന്നത് വിവിധ സമുദായങ്ങളുടെ അവകാശമായി അവരവർ കരുതിയിരുന്നു. തപ്പുപൊതിയുന്നതിനാവശ്യമായ കന്നിൻതോൽ പറയനും കോലത്തിനാവശ്യമായ പാളയും ചൂട്ടും കുരുത്തോലയും തണ്ടാനും ശേഖരിക്കുന്നു. കോലം എഴുതുന്നതും പൂപ്പടക്ക് ഇരിക്കുന്നതും മാരമ്പാട്ട് പാടുന്നതും ഗണകൻെറ അവകാശമാണ്. കോലം കെട്ടാനുള്ള തട്ടം തച്ചനും ചൂട്ടു കത്തിച്ചു പിടിക്കുന്നത് കുറവനും ഭഗവതിയുടെ ഉടയാട, തീപ്പെട്ടി പന്തം എന്നിവ ഒരുക്കി എണ്ണ കോരേണ്ടത് മാരാനുമാണ്. ആദികാലങ്ങളിൽ കരയിൽപ്പെട്ട കലാകാരന്മാരാണ് ഓരോ വർഷവും കോലം കെട്ടിയാടിയിരുന്നത്.

ഉത്തര-അത്യുത്തര കേരളത്തിൽ തെയ്യം തിറ വളരെ പ്രചാരമുള്ള ആദി കലാരൂപമാണ്. ഉത്തര കേരളത്തിലെ ജനങ്ങളുടെ ജീവ നാഡിയായി സ്പന്ദിച്ചിരുന്നത് ഈ കലാരൂപങ്ങളായിരുന്നു. ഈ കലാരൂപങ്ങളിലൂടെയാണ് അവരുടെ ജനജീവിത രീതിയും സാംസ്കാരവും ആചാരാനുഷ്ഠാനങ്ങളും പിൻ തലമുറക്ക് കൈമാറിവന്നത്. ഇന്നും ഇത്തര കേരളത്തിൽ കാവുകളും കാവാരാധനയും കാവുകളുമായി ബന്ധപ്പെട്ട് അരങ്ങേറിവരുന്ന കലാരൂപങ്ങളും പുരാതന ദ്രാവിഡ സംസ്കാരത്തിൻെറ പ്രതിഫലനങ്ങളാണ്.

ഉത്തര കേരളത്തേയും ദക്ഷിണ കേരളത്തേയും അപേക്ഷിച്ച് പ്രത്യേകിച്ചും കടലുണ്ടി പുഴക്കും ആലുവ പുഴക്കും ഇടയിലുള്ള കരപ്രദേശങ്ങളിൽ മധ്യകാലത്തിനു ശേഷം ദ്രാവിഡ കലാരൂപങ്ങൾക്ക് പ്രോത്സാഹനം ലഭിച്ചില്ല. ബ്രാഹ്മണാധിപത്യകാലത്തും തുടർന്നും ഈ പ്രദേശങ്ങളിൽ ആര്യ-ദ്രാവിഡ സമന്വയ രീതിയിലുള്ള സങ്കര കലാരുപങ്ങളാണ് പ്രചരിച്ചു വന്നത്. അപൂർവ്വ മായി മാത്രമേ ദ്രാവിഡ സംസ്കാര പ്രകാരമുള്ള കലാരൂപങ്ങൾ ഈ പ്രദേശങ്ങളിൽ ക്ഷേത്രവുമായി ബന്ധപ്പെടുത്തി അരങ്ങേറിയിരുന്നതൊള്ളു.

വടക്കൻ പാട്ടുകളും തെക്കമ്പാട്ടുകളും ഉണ്ടായതും വളർന്നതും ഉത്തര-അത്യുത്തര കേരളത്തിലും ദക്ഷിണ കേരളത്തിലുമാണ്. മധ്യകേരളത്തിൽ അത്തരത്തിലൊരു സംഭവം അരങ്ങേറിയില്ല. ഇതുമായി ബ്രാഹ്മണ ഗ്രാമങ്ങളും അവരുടെ വാസവും ബന്ധപ്പെട്ടു കിടക്കുന്നു.

## ചരിത്രം

"സമകാലിക യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അവബോധം കഴിഞ്ഞ കാലത്തിൽ വെളിച്ചം വീശാൻ തുടങ്ങുകയും അങ്ങനെ നവമായ അർത്ഥവ്യക്തത നേടുന്ന കഴിഞ്ഞ കാലം, അതേ വെളിച്ചത്തെ കൂടുതൽ ശക്തിയായി സമകാലിക യാഥാർത്ഥ്യങ്ങളിലേക്കു തിരിച്ചു പ്രതിഫലിപ്പിക്കുകുയം ചയ്യുന്ന പ്രക്രിയയാണ് ചരിത്രം." ജാതിവ്യവസ്ഥയും കേരള ചരിത്രവും എന്ന ഗ്രന്ഥത്തിൽ പി.കെ. ബാലകൃഷ്ണൻ ചരിത്ര പാഠനത്തെക്കുറിച്ച് പ്രതികരിച്ചതാണിത്.

ശ്രീഭാർഗ്ഗവൻ പണ്ടു തപഃപ്രഭാവം
സ്വാഭാവിക പ്രൗഢിമദോബലത്താൽ
ക്ഷോഭാകുലാംഭോധിയൊഴിച്ചെടുത്ത

ഭൂഭാഗമാണീ സ്ഥാനമെന്നു കേൾപ്പു.
വൻകാറ്റടിത്താഴിയഴിഞ്ഞകന്നോ
ഹുങ്കാരിഭുകമ്പമിയന്നുയർന്നോ
മുൻകാലമീക്കേരളകൊങ്കണങ്ങൾ
മൺകാഴ്ചയായെന്നു ചിലർക്കുക പക്ഷം.

ഇക്ഷോണി മുകാലമിടയ്ക്കൊരുഗ്ര-
വിക്ഷോഭണംകൊണ്ടുളവായതെങ്കിൽ
ഇക്ഷോഭയോഗത്തിനു ദീർഘദർശി
പ്രക്ഷോഭണൻ ഭാർഗ്ഗവനാം പ്രമാണം.

കൊടുങ്ങല്ലൂർ കോവിലകത്ത് കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയുടേയും വെണ്മണി അച്ഛൻ നമ്പൂതിരിപ്പാടിൻേറയും മകനായി 1040 കന്നി മാസം 4-ാം തിയതി ജനിച്ചു.ആദ്യകാല സാഹിത്യ മാസികകളിൽ തമ്പുരാൻെറ കൃതികൾ പ്രസിദ്ധീകൃതമായി. പ്രാചീന കേരളത്തിൻെറ ചരിത്രം വർണ്ണിക്കുന്ന കേരളം എന്ന പ്രശസ്തമായ കവിതാ സമാഹാരത്തിൽ നിന്നും എടുത്ത ഒരു ഭാഗമാണിത്.

"മെച്ചമായുധമുറപ്പയറ്റിനായ്-
ക്കച്ചകെട്ടിയുഴിയും ഗുരുക്കളും
തച്ചരും കണിശരും പണിക്കരായ്
വെച്ച കൂട്ടരിതു ചട്ടമിപ്പൊഴും....

മുകളിൽ സൂചിപ്പിച്ച കവിതാ സമാഹാരത്തിൽ ഉപജീവനവും പ്രവൃത്തിയും എന്ന ശീർഷകത്തിൽ അദ്ദേഹം വിവിധ ജന വിഭാഗങ്ങളുടെ പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്നതിനിടയിൽ കളരിപ്പയറ്റിനായി കച്ചകെട്ടി ഉഴിഞ്ഞിരുന്ന ജന വിഭാഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

## ചരിത്ര-സാംസ്കാരിക പുസ്തകം

കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൻെറ ആധികാരിക സാംസ്കാരിക ചരിത്രം ഉൾക്കൊള്ളുന്ന ഈ പുസ്തകമാണിത്. സമുദായ സ്നേഹികൾ തീർച്ചയായും ഇത് വായിച്ചിരിക്കേണ്ടതാണ്.




9-ാം നൂറ്റാണ്ടോടെ കേരളത്തിൽ ബ്രാഹ്മണാധിപത്യത്തിൽ ജാതി വ്യവസ്ഥ രൂപപ്പെട്ടു. ഇന്നുകാണുന്ന എല്ലാ ജാതി-സമുദായങ്ങളും ഈ കാലഘട്ടത്തിലാണ് ഉത്ഭവിച്ചത്. ജാതി വിഭജനത്തിൽ ഏറ്റവും ഒടുവിൽ രൂപപ്പെട്ട ജനവിഭാഗമാണ് നാല്പത്തീരടി കളരി ആചാര്യന്മാരായ കളരിക്കുറുപ്പ് കളരിപ്പണിക്കർ.

കവിതകൾ

## ഓർക്കുവാൻ പലതുണ്ട്

ഓർമ്മിക്കാൻ പലതുണ്ടതൊക്കെ വെളി-
വായോർത്തൊന്നുരച്ചീടുവാൻ
ഓർക്കുന്നേരമതെന്നിൽ നിന്നു മറയു-
ന്നെന്തൊന്നുമൂകാംബികെ.
ഓർക്കാതെന്തുപ്രവർത്തിചെയ്തതി-
ലെന്നും ശിക്ഷക്കു പാത്രമായ്
ഓർക്കേണം ഇനിയെത്രകാലമിവിടെ-
ന്നോർക്കാൻ പ്രയാസം സദാ..

സ്നേഹിച്ചു പലകാലമെത്രപലരും
പൂജിച്ചുവാഴുന്നനാൾ
സ്നേഹിച്ചു ജനമാനസത്തിൽ നിഴലായ്
നിൽക്കുന്നിതിന്നേവരേ
മോഹിച്ചു പലകാര്യമെന്നിലുദയം ചെ-
യ്തെന്നതും നല്ലപോൽ
സ്നേഹിച്ചുള്ള പ്രവർത്തിയിൽ മിക-
വെഴും കീർത്തിക്കുഞാൻ പാത്രമായ്

മോഹിക്കുന്നവയൊക്കവേ സഫലമായി തി
ട്ടേണമെന്നില്ലതും
സാധിക്കുമാരായതും
ദാഹത്തിന്നൊരുതുള്ളി വെള്ളവുമതാ-
യാരെന്നിലെത്തുന്നതും
ദേഹം ദേഹിയെവേർപെടുന്ന നിമിഷം-
ആരാണടുത്തെന്നതും

കാൽപാദം മരവിച്ചിടുന്നു നടനം-
ദണ്ഡം സഹായത്തിനാൽ
കെല്പില്ലാതെകഴഞ്ഞിടുന്ന നിമി,ം-
കാതോർത്തുനീറുന്നഞാൻ
കൈത്താങ്ങായരികത്തണഞ്ഞു മറുകൈ
എന്മാറിൽ മന്ദം പതി-
ച്ചാശ്വാസം പകരാൻ കോതിച്ചുമിഴുനീർ
തൂകിത്തൊഴുന്നംബികെ.



*എ.കെ.എസ്. ആതവനാട്*
*മൊ. 09846327540*

## കളരിയും കളരിയധിപരും

വ്യാദി പബ്ളിക്കേഷൻസ്, അഹമ്മദാബാദ് പ്രസിദ്ധീകരിച്ച കളരിയും കളരിയധിപരും എന്ന ഗ്രന്ഥം കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാരുടെ ആചാരാനുഷ്ഠാനങ്ങളിലേക്കും വിശ്വാസ സംഹികളിലേക്കും ഷോഡശകർമ്മങ്ങളിലേക്കും വെളിച്ചം വീശുന്ന ഒരു കൃതിയാണ്. ഈ പുസ്തകം ഭാഗീകമായി വിതരണം നടത്തിയത് ഡി.സി. ബുക്ക്സ് കോട്ടയമാണ്. കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗങ്ങൾ സമുദായത്തിൻെറ സാംസ്കാരിക ചരിത്രം അറിയുവാൻ ആദ്യ പടിയെന്ന നിലയിൽ ഈ ഗ്രന്ഥം വായിക്കുക.

## രാജ്യത്തിൻെറ അതിരുകൾ

ഇന്നത്തെ കേരള ം ഒരു കാലത്ത് മൂന്നു മുഖ്യ രാജ വംശങ്ങളുടെ അധീനതയിലായിരുന്നു. ദക്ഷിണ ഭാഗം ആയ രാജാക്കന്മാരുടേയും ഉത്തര ഭാഗം മൂഷിക രാജാക്കന്മാരുടേയും മധ്യഭാഗം രണ്ടാം ചേര രാജാക്കന്മാരുടേയും ഭരണത്തിൻ കീഴിലായിരുന്നു. ഒന്നാം ചേര രാജ്യം വളരെ വ്യാപകമായിരുന്നുവെന്നു പറയപ്പെടുന്നു.

5-ാം നൂറ്റാണ്ടുമുതൽ ഏഴിമല രാജാക്കന്മാർ പ്രഗത്ഭരായിതീർന്നു. തുടർന്ന് വന്ന രാജ വംശമാണ് മുഷക രാജ വംശം. മംഗലാപുരത്തിനു തെക്കും കോരപ്പുഴക്കു വടക്കുമായുള്ള ഭൂപ്രദേശമായിരുന്ന മൂഷക രാജ്യം എന്നറിയപ്പെട്ടിരുന്നത്. . 12-ാം നൂറ്റാണ്ടുവരെ മൂഷക വംശം നിലനിന്നിരുന്നു. മുഷകവംശകാവ്യം എന്ന കൃതിയിൽ മൂഷക രാജാക്കന്മാരെക്കുറിച്ചും ഭരണത്തെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട്. 14-ാം നൂറ്റാണ്ടോടെ പഴയ മൂഷക രാജ്യം കോലത്തുനാട് എന്ന പേരിൽ അറിയപ്പെട്ടു. കോലത്തു നാട്ടിലെ രാജാക്കന്മാരെ കോലത്തിരിമാർ എന്നു വിളിച്ചുപോന്നു.

രണ്ടാം ചേര രാജ്യം വടക്ക് കോരപ്പുഴ മുതൽ തെക്ക് പെരിയാർ വരെ വ്യാപിച്ചിരുന്നു. മഹോദയപുരം ചേര രാജാക്കന്മാരടെ രാജധാനിയും. കൊടുങ്ങല്ലൂർ പണ്ടുകാലം മുതൽ ഒര വ്യവസായ തറമുഖമായിരുന്നു. രണ്ടാം ചേര രാജാക്കന്മാർ രാജ്യാതിർത്തി തെക്കോട്ടും വക്കോട്ടും വ്യാപിപ്പിച്ചു.

ആലുവ പുഴക്ക് വടക്കും കോരപ്പുഴക്ക് തെക്കുമുള്ള കേരള ബ്രാഹ്മണർ (നമ്പൂതിരിമാർ) മറ്റു നമ്പൂതിരിമാരേക്കാൾ സാമൂഹികമായി പ്രബലരും ആഢ്യരുമാണെന്നാണ് പറയപ്പെടുന്നത്.

ആധുനീക ചരിത്രകാരന്മാർ ബ്രാഹ്മണ പരമായ കേരളോൽപ്പത്തിയിലെ പ്രതിപാദനങ്ങൾ ചരിത്ര വസ്തുതകളായി പരിഗണിക്കുവാൻ സന്നദ്ധരായിരുന്നില്ല. എന്നാൽ ചരിത്രകാരനായ എം.ജി.എസ് നാരായണൻ, കേശവൻ വേലത്ത് എന്നിങ്ങനെയുള്ള ചരിത്രകാരന്മാർ കേരളോൽപ്പത്തി പൂർണ്ണമായും തള്ളിക്കളയാതെ അതിലെ ചരിത്ര പ്രതിപാദനങ്ങൾക്ക് അർത്ഥം കണ്ടെത്തുകയും ചരിത്ര വർണ്ണന നടത്തുകയും ചെയ്തിട്ടുണ്ട്. Brahman Settlement in Kerala(Dt. Kesavan Veluthat),The Early Medieval in Sspouth India (Dr. Kesavan Veluthat), Perumals of Kerala (Dr. MGS Narayanan) എന്നി ചരിത്ര വിശകലന ഗ്രന്ഥങ്ങളിൽ അവരവരുടെ അഭിപ്രായങ്ങളും ചരിത്ര സമർത്ഥനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ചരിത്രകാരന്മാരുടെ ചരിത്ര പ്രതിപാദനങ്ങളിൽ ഉൾക്കൊള്ളുന്ന പ്രതിപാദനങ്ങൾ പരിശോധിച്ചാൽ കളരികളും കളരികൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളും ഏതെല്ലാം രാജ്യാതിർത്തിയിൽ ഉൾപ്പെടുന്നുവെന്നും അതിനു കാരണമെന്താണെന്നും വ്യക്തമാകും. അതിലൂടെ കളരിക്കുറുപ്പ് കളരിപ്പണിക്കരുടെ ഉൽപ്പത്തിയും.

## ആദരാഞ്ജലികൾ

പടുവണ്ണ കളരിക്കൽ ഉണ്ണിപ്പണിക്കർ എന്നു വിളിക്കുന്ന ഗോപാലകൃഷ്ണൻ പണിക്കർ (ജ്യോത്സ്യൻ) 25-07-2013 രാവിലെ അന്തരിച്ചു.

പരേതന് ഭാര്യയും മൂന്നു കുട്ടികളുമാണുള്ളത്. കളരി ഡോട്ട് കോമിൻെറ ബാംഗ്ളൂർ കോർഡിനേറ്റർ ശ്രീ സിദ്ധാർത്ഥൻെറ സഹോദരനാണ് ശ്രീ (പരേതൻ) ഗോപാലകൃഷ്ണൻ പണിക്കർ.

കളരി ഡോട്ട് കോം പ്രവർത്തകർ പരേതൻെറ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു. അതോടൊപ്പം പരേതൻെറ ആത്മാവിന് നിത്യ ശാന്തിക്കായി ജഗതീശ്വരനോട് പ്രാർത്ഥിക്കുന്നു.

കളരി ഡോട്ട് കോം

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Chief Editor : Mukundan Kurup,Gujarat ( 09601484166), Email(News letter) :- kalarickalk@gmail.com,kurups.kalaries@yahoo.in